'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി എൽ. ബീജാറാണിയുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇഎം)വകുപ്പ്

സ.ഉ.(സാധാ) നം.1481/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/07/2019

പരാമർശം:- 1 സ.ഉ.(സാധാ)നം 1585/2018/തസ്വഭവ തിയതി 11/06/2018.

2 01/06/2019 ലെ ലേബർ കമ്മീഷണറുടെ ഇ(7)6123/2019 നമ്പർ കത്ത്.

3 16/06/2019 ലെ എസ്ഇസി/183/20108-എ1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചു വരുന്ന തൊഴിൽ വകുപ്പിലെ കൊല്ലം റീജിയണൽ ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 ആയ ശ്രീമതി എൽ. ബീജാറാണിയുടെ അന്യത്ര സേവന കാലാവധി 20/07/2019 ൽ അവസാനിക്കുകയാണെന്നും 21/07/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീമതി എൽ. ബീജാറാണിയുടെ അന്യത്ര സേവന കാലാവധി 21/07/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകുന്നതിൽ വകുപ്പിന് തടസ്സമൊന്നുമില്ലെന്ന് തിരുവനന്തപുരം ലേബർ കമ്മീഷണർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന തൊഴിൽ വകുപ്പിലെ കൊല്ലം റീജിയണൽ ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 ആയ ശ്രീമതി എൽ. ബീജാറാണിയുടെ അന്യത്ര സേവന കാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 21/07/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിഷ്.റ്റി

അണ്ടർ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

ശ്രീമതി എൽ. ബീജാറാണി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ മിഷൻ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള , തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ